"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോഴിക്കോട് കോർപ്പറേഷനിൽ അസി.സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ശ്രീജ.കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1928/2025 നമ്പർ ഹർജിയിലെ 01.01.2026 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.639/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 29.12.2025 തീയതിയിലെ LSGD/PD/46015/2023/DEB1(Part I) നമ്പർ ഉത്തരവ്.
2. ശ്രീമതി.ശ്രീജ.കെ സർക്കാരിൽ സമർപ്പിച്ച 30.12.2025 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്ഷർ എ 4)
3. ശ്രീമതി.ശ്രീജ.കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1928/2025 നമ്പർ ഹർജിയിലെ 01.01.2026 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.02.2026 തീയതിയിലെ LSGD/PD/339/2026-LL3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിൽ നിന്നും, പരാമർശം 1 പ്രകാരം, തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയതിനെതിരെ അസി.സെക്രട്ടറി ശ്രീമതി.ശ്രീജ.കെ സർക്കാരിൽ പരാമർശം 2 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1928/2025 നമ്പർ കേസിലെ 01.01.2026 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകയുടെ Annexure A4അപ്പീൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.ശ്രീജ.കെ സമർപ്പിച്ച അപേക്ഷ പ്രകാരം 29.12.2025 ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പ്രകാരം കോഴിക്കോട് കോർപ്പറേഷനിൽ നിന്നും തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയതായും, നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകാതെയാണ് മാറ്റിയിട്ടുള്ളതെന്നും, സ്ഥലം മാറ്റുന്നതിനായി തനിക്കെതിരായി ഉന്നയിച്ച ആരോപണങ്ങൾ തെറ്റാണെന്നും, ന്യായമല്ലാത്ത സ്ഥലം മാറ്റം പിൻവലിച്ച് അടുത്ത പൊതുസ്ഥലം മാറ്റം വരെ തന്നെ കോഴിക്കോട് കോർപ്പറേഷനിൽ തന്നെ തുടരാൻ

അനുവദിക്കണമെന്നും ശ്രീമതി.ശ്രീജ.കെ ആവശ്യപ്പെട്ടിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ടിൽ, കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വെസ്റ്റ് ഹില്ലിൽ ഉള്ള MTI Complex ന്റെ നാലാമത്തെ നിലയിലെ MS ഗോൾഡ് ഫാക്ടറി പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ഒരു മുറിയിൽ മാത്രം അനുവദിച്ച ലൈസൻസ് ഉപയോഗിച്ച് സമീപമുറികളിലും വ്യവസായം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടും അതിനെതിരെ നിയമനടപടികൾ സ്വീകരിക്കാതിരിക്കുകയും മതിയായ പരിശോധന കൂടാതെ ലൈസൻസ് പുതുക്കി നൽകുകയും ചെയ്തതിന് ഉത്തരവാദികളായ മുഴുവൻ ഉദ്യോഗസ്ഥർക്കെതിരെയും ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്) ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുകളുടെ വിശദീകരണത്തിന് വിധേയമായി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് 01.08.2025 ലെ ആർ.ബി.3/4/205/തസ്വഭവ കത്ത് പ്രകാരം സർക്കാരിൽ നിന്നും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, കോഴിക്കോട് കോർപ്പറേഷനിൽ അസി.സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ശ്രീജ.കെ യെ കോഴിക്കോട് ജില്ലയിൽ നിന്നും വിദൂര ജില്ലകളിലേക്ക് മാറ്റി നിയമിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയതിനാലാണ് ശ്രീമതി.ശ്രീജ.കെ യെ തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചത് എന്നറിയിക്കുകയുണ്ടായി.

4. ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് പ്രകാരം കോഴിക്കോട് കോർപ്പറേഷനിലെ ക്ലീൻ സിറ്റി മാനേജർ ജീവരാജ്. ഇ.കെ (പെൻ നമ്പർ G 52059), SPHI ജെസ്സി ജോസഫ് (പെൻ നമ്പർ G 64416) അസിസ്റ്റന്റ് സെക്രട്ടറി ശ്രീജ.കെ (പെൻ നമ്പർ (55409) എന്നിവരുടെ ഭാഗത്ത് പ്രഥമ ദൃഷ്ട്യാ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിലും തുടർ അന്വേഷണങ്ങൾ നടത്തേണ്ടി വന്നാൽ ടിയാളുകൾ ജോലി ചെയ്തു വന്നിരുന്ന പ്രസ്തുത സ്ഥലത്ത് തുടർന്ന് വരുന്നത് ടി അന്വേഷണത്തെ ബാധിക്കുമെന്നതിനാലും ടിയാളുകളെ അടിയന്തിരമായി 24 മണിക്കൂറിനുള്ളിൽ സ്ഥലം മാറ്റുന്നതിന് ചീഫ് വിജിലൻസ് ഓഫീസർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി.ശ്രീജ. കെ ഉൾപ്പെടെയുള്ളവരെ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും സ്ഥലം മാറ്റി ഉത്തരവായത് എന്നും ശ്രീജ.കെ യുടെ അപ്പിൽ പരിഗണിച്ച് തുടർ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാതെയിരിക്കുന്നതിനും രേഖകളിൽ കൃത്രിമം തടയുന്നതിന്റെയും ഭാഗമായി ടിയാളെ കോഴിക്കോട് നഗരസഭയിൽ നിന്നും മറ്റേതെങ്കിലും ഓഫീസിൽ തത്തുല്യ തസ്തികയിൽ നിയമനം നല്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം ശ്രീമതി.ശ്രീജ.കെ സമർപ്പിച്ച അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിലെ ക്രമക്കേടുകൾ സംബന്ധിച്ച ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്) ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി നഗരസഭയിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീജ.കെ ഉൾപ്പടെയുള്ളവരുടെ ഭാഗത്ത് പ്രഥമ ദൃഷ്ട്യാ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിലാണ് ചീഫ് വിജിലൻസ് ഓഫീസറുടെ നിർദേശ പ്രകാരം ശ്രീമതി.ശ്രീജ. കെ ഉൾപ്പെടെയുള്ളവരെ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും സ്ഥലം മാറ്റി ഉത്തരവായിട്ടുള്ളത്. ആയതിനാൽ കോഴിക്കോട് കോർപ്പറേഷനിൽ തന്നെ തുടരാൻ അനുവദിക്കണമെന്ന ശ്രീമതി.ശ്രീജ.കെ.യുടെ Annexure A4 അപ്പീൽ അപ്പിൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)

1928/2025 നമ്പർ ഹർജിയിലെ 01.01.2026 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി.ശ്രീജ.കെ. അസിസ്റ്റന്റ് സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-03-2026 14:47:48
സെക്ഷൻ ഓഫീസർ